ലക്കം 33

# ഗോസ്പൽ ട്രൂത്ത്

അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ

For Private Circulation only

## ശുശ്രൂഷകന്മാരുടെ അഭിഷേകം (ഓർഡിനേഷൻ)

ശുശ്രൂഷകന്മാരെ അഭിഷേകം ചെയ്ത് ശുശ്രൂഷകൾക്കായി നിയമിക്കുന്നതു ആദിമകാല സഭയുടെ ഒരു സമ്പ്രദായവും തിരുവെഴുത്തുകൾ പ്രകാരം പുതിയ നിയമത്തിൽ പറഞ്ഞിരിക്കുന്ന മാതൃകകളും പ്രമാണങ്ങളും പിന്തുടരുന്നതും ശരിയാണ്. ചരിത്രത്തിലുടനീളമുള്ള അഭിഷേക ശുശ്രൂഷകൾ ചില സന്ദർഭങ്ങളിൽ രാഷ്ട്രീയപരമാകുകയും - ദുരുപയോഗം ചെയ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എങ്കിലും സഭ യഥാർത്ഥ ഉപദേശവും നിയമന സമ്പ്രദായവും ഉപേക്ഷിക്കണം എന്ന് അതിന് അർത്ഥമില്ല.

### എന്താണ് അഭിഷേകം?

ശുശ്രൂഷകർ, കർത്താവിന്റെ വേലക്കാർ, കർത്താവിനാൽ തെരഞ്ഞെടുക്കപ്പെടുകയും ദൈവീക ശക്തിയും അധികാരവും കൊണ്ട് അഭിഷേകം ചെയ്യപ്പെടുകയും വേണം. അഭിഷേകം ഒരു ബൈബിൾ ഉപദേശവും പരിശുദ്ധാത്മാവ് തെരഞ്ഞെടുത്തു നിയോഗിച്ചിരിക്കുന്ന മറ്റ് ശുശ്രൂഷകന്മാർ പരസ്യമായി യോഗ്യനായി തെരഞ്ഞെടുക്കപ്പെട്ടവനെ കരങ്ങൾ വച്ച് അനുഗ്രഹിക്കുന്നതാണ്. തായറുടെ ഗ്രീക്ക് നിർവ്വചനപ്രകാരം അഭിഷേകം എന്നത്."ക്രമീകരിക്കുക, ആക്കിവയ്ക്കുക, ഒരു കാര്യത്തിന് ചുമതലപ്പെടുത്തുക, ഒരു കാര്യാലയത്തിന്റെ നിയമനം ഏല്പിക്കുക, നിയന്ത്രിക്കുവാൻ നിയമിക്കുക" എന്നാണ്.

സഭാപരമായ അർത്ഥത്തിൽ അഭിഷേകം എന്നത് സഭയിലെ ശുശ്രൂഷകളിലേക്ക് ഒരു വ്യക്തിയുടെ വിളിയും നിയമനവും സൂചിപ്പിച്ചുകൊണ്ട് മറ്റ് ശുശ്രൂഷകന്മാർ കരങ്ങൾവച്ച് ചുമതലപ്പെടുത്തിയതായി പ്രഖ്യാപിക്കുന്നതാണ്. ഇതു ഒരു ശുശ്രൂഷകന്റെ വിളിയും യോഗ്യതയും ഔദ്യോഗികമായും തിരുവചന പ്രകാരവും അംഗീകരിക്കുന്നതുമാണ്.

പൗലൊസ് തീത്തോസിന് എഴുതിയത്: "ഞാൻ ക്രേത്തയിൽ നിന്നെ വിട്ടിട്ടു പോന്നത്: ശേഷിച്ച കാര്യങ്ങളെ ക്രമത്തിൽ ആക്കേണ്ടതിനും ഞാൻ നിന്നോട് ആജ്ഞാപിച്ചതുപോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കിവയ്ക്കേണ്ടതിനും തന്നെ" എന്നാണ് (തീത്തോസ് 1:5). തീത്തോസ്, പൗലൊസിന്റെ പ്രവർത്തനങ്ങളെ പിന്തുടരുവാനും പൂർത്തീകരിക്കുവാനും ക്രേത്തയിൽ താമസിച്ചു. സിനഗോഗുകളിൽ മൂപ്പന്മാരെ നിയമിച്ചു വന്നിരുന്നതിനാൽ യഹൂദന്മാർക്കു മൂപ്പന്മാരുടെ നിയമനം ഒരു പുതിയ കാര്യം അല്ലായിരുന്നു.

"അതുകൊണ്ട് എന്റെ കൈവയ്പ്പിനാൽ നിന്നിലുള്ള കൃപാവരം ജ്വലിപ്പിക്കണം എന്നും നിന്നെ ഓർമ്മപ്പെടുത്തുന്നു" എന്നു പൗലൊസ്, തിമൊഥെയോസിനോട് പറഞ്ഞു (2 തിമൊഥെയോസ് 1:6). സഭയിൽ നിന്ന് പരിശുദ്ധാത്മാവ് ശുശ്രൂഷകന്മാരെ വിളിച്ച് വേർതിരിച്ച് അഭിഷേകം ചെയ്തു നിയമിക്കുന്നതിന്റെ മറ്റ് തിരുവചന ഭാഗങ്ങളും ഉണ്ട്.

ഔപചാരികമായി ഒരു നിയമനത്തിന്റെ ആവശ്യം ഇല്ലാതിരുന്നിട്ടും "അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊണ്ടിരിക്കുമ്പോൾ ഞാൻ ബർന്നബാസിനെയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായി അവരെ എനിക്കു വേർതിരിക്കുവിൻ എന്ന് പരിശുദ്ധാത്മാവ് പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെ മേൽ കൈവച്ച് അവരെ പറഞ്ഞയച്ചു. പരിശുദ്ധാത്മാവാണ് ശുശ്രൂഷകന്മാർക്ക് വരങ്ങൾ നല്കുന്നതും, വിളിക്കുന്നതും, യോഗ്യരാക്കുന്നതും അയയ്ക്കുന്നതും. എന്നാൽ സമർപ്പണത്തിന്റെയും മുദ്രയിടീലിന്റെയും ഒരു വ്യക്തമായ പ്രവർത്തിയും ഉണ്ട്. സഭാ നേതൃത്വം നല്കുന്ന ഒരു കഷണം അധികാര പത്രത്തെക്കാൾ അധികമായതാണ് അഭിഷേകം. ഒരു തവണ സ്നാനത്തിനായി വെള്ളത്തിൽ മുങ്ങുന്നതിനെക്കാൾ അധികമായ അർത്ഥം സ്നാനത്തിന് ഉള്ളതും പോലെയാണ് അഭിഷേകവും.



**ശുശ്രൂഷകന്മാർ, കർത്താവിന്റെ വേലക്കാർ, കർത്താവിനാൽ തെരഞ്ഞെടുക്കപ്പെടുകയും ദൈവശക്തിയും അധികാരവും കൊണ്ട് അഭിഷേകം ചെയ്യപ്പെടുകയും വേണം.**


ശുശ്രൂഷകന്മാരുടെ അഭിഷേകം 1
ശുശ്രൂഷയ്ക്ക് ഒറ്റ ക്രമം 2
പത്രാധിപലേഖനം 3
അഭിഷേകത്തിന്റെ ഉദ്ദേശ്യവും മൂല്യവും 4 - 5
ബൈബിൾ യോഗ്യതകൾ 5
ഒരു സ്ഥാനാർത്ഥിയുടെ... 6
നടപടി ക്രമവും പ്രയോഗികതയും 7
നിങ്ങൾക്കറിയാമോ? തക്കസമയത്തെ വാക്ക്
അഭിഷേകം എത്രകാലം നിലനില്ക്കും 8

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

# ശുശ്രൂഷയ്ക്ക് ഒറ്റ ക്രമം

തിരുവചനത്തിൽ മൂപ്പന്മാർക്കുള്ള അഭിഷേകവും ഡീക്കന്മാർക്കുള്ള അഭിഷേകവും ഉണ്ട്. ശുശ്രൂഷകന്മാരെ അഭിഷേകം ചെയ്യുമ്പോൾ അവരെ മൂപ്പന്മാരായി അവരോധിക്കപ്പെടുന്നു. ആദിമകാല സഭയിൽ വ്യത്യസ്തമായ കൃപാവരങ്ങൾ ഉൾക്കൊണ്ടിരുന്ന പ്രാദേശിക ശുശ്രൂഷകന്മാർക്കും, സുവിശേഷത്തിന്റെ വിശാല വയലിൽ അദ്ധ്വാനിച്ചിരുന്ന പൊതുശുശ്രൂഷകന്മാർക്കും ഒറ്റ ഒരു ക്രമം ആയിരുന്നു ഉണ്ടായിരുന്നത്. മൂപ്പൻ എന്ന പദം ബിഷപ്പ്, പ്രസ്സ്ബിറ്റർ, ഓവർസീയർ മുതലായവരെ സൂചിപ്പിക്കുവാനായി മാറിമാറി ഉപയോഗിച്ചിരിക്കുന്നു. തീത്തോസ് 1:6 ൽ മൂപ്പൻ എന്ന പദം (presbuteros=presbyters) 7-ാം വാക്യത്തിൽ (episkopos=overseer) എന്ന പദം ഉപയോഗിച്ച് മൂപ്പന്റെ യോഗ്യതകൾ വിവരിക്കുന്നു. ഇതു ഒരേ പദവിയാണ്. എന്നാൽ പിന്നീടു വന്ന വിശ്വാസത്യാഗത്തിൽ ദുർവിനയോഗം ചെയ്തു. ഈ വിഷയത്തിൽ നിരൂപകനായ ആഡം ക്ലാർക്ക്, പറയുന്നത് “ഇവിടെ മൂപ്പന്മാർ എന്നു വിളിക്കപ്പെടുന്നത് തീത്തോസ് 1:7ൽ ബിഷപ്പ് എന്നു വിളിക്കപ്പെടുന്നവർ തന്നെയാണ് എന്നു തോന്നുന്നു. അപ്പസ്തോലിക സഭയിൽ ബിഷപ്പുമാരും മൂപ്പന്മാരും ഒരേ ക്രമത്തിൽ ആയിരുന്നു എന്നതിനു നമുക്കു ധാരാളം തെളിവുകൾ ഉണ്ട്. പിന്നീട് അവർ വ്യത്യസ്തരായി തീർന്നെങ്കിലും.”

സഭയിലെ ഒരു പാസ്റ്റർ, മിഷനറി അല്ലെങ്കിൽ സുവിശേഷകൻ എന്നീ പദവികൾക്കായി അല്ല ഒരു മൂപ്പനെ അഭിഷേകം ചെയ്യുന്നത്. പ്രാവചനീകമായി അഭിഷേകം ചെയ്യപ്പെടുന്ന മൂപ്പൻ ധാർമ്മികമായും, മാനസികമായും, ആത്മീയമായും ഒരു പ്രസംഗകന്റെ സ്ഥാനം നിർവ്വഹിക്കുവാനും ഔദ്യോഗികമായി നിയമിക്കപ്പെട്ടവനുമാണ് (അപ്പൊസ്തലിക് ചർച്ച്, ചാൾസ് ഇ. ബ്രൗൺ 1947, P151)

വിശ്വാസത്യാഗം ആരംഭിക്കുകയും അതിന്റെ അന്ത്യം റോമൻ കത്തോലിക്ക മതമായി വളരുകയും ചെയ്തപ്പോൾ ശുശ്രൂഷകളുടെ ശക്തി വളരുകയും അതു മനുഷ്യർ ഏറ്റെടുക്കുകയും പരിശുദ്ധാത്മാവ് ആളുകളുടെ ജീവിതത്തിൽ നിറയ്ക്കുവാൻ ആഗ്രഹിച്ച പങ്ക് നിറവേറിയതായും കരുതി. നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ വിവിധ നിലയിലുള്ള ശുശ്രൂഷകളും അധികാര സ്ഥാനങ്ങളും രൂപപ്പെട്ടു. ആദിമ സഭയിൽ ഇല്ലാതിരുന്ന നേതൃത്വങ്ങൾ ഉടലെടുക്കുവാൻ ഇടയായി.

സഭയുടെ ഭരണം ക്രിസ്തുവിന്റെ ചുമലിൽ ആണ് എന്ന് തിരുവെഴുത്തുകൾ നമ്മെ പഠിപ്പിക്കുമ്പോൾ തന്നെ ആത്മീക വരങ്ങൾ നല്കി പരിശുദ്ധാത്മാവ് മനുഷ്യരെയും നിയോഗിക്കുന്നതിനാൽ പരിശുദ്ധാത്മാവിന്റെ വരങ്ങളാൽ പ്രവർത്തിക്കുന്നു എന്ന് ഓരോ ശുശ്രൂഷകനും ബോധ്യം ഉണ്ടായിരിക്കണം. ഈ ബോധ്യമുള്ള ഓരോ ശുശ്രൂഷകനും പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൽ ആത്മാവിന്റെ വരങ്ങളെ ക്രമപ്പെടുത്തി ഉപയോഗിക്കുന്നു. “പ്രവാചകന്മാരുടെ ആത്മാക്കൾ പ്രവാചകന്മാർക്ക് കീഴടങ്ങിയിരിക്കുന്നു” (1 കൊരിന്ത്യർ 14:32). ഇതു അധികാര ശ്രേണിയിലുള്ള ശുശ്രൂഷയിൽ കൂടിയല്ല, പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിലുള്ള അഭിഷിക്തന്മാരുടെ ഒരുമിച്ചുള്ള പ്രവർത്തിയിലൂടെയാണ് പ്രകടമാകുന്നത്.


ആത്മീയ അഭിവൃദ്ധിയും ദൈവമക്കളുടെ ആത്മീയ വളർച്ചയും ലക്ഷ്യമാക്കി കൊണ്ട്, ദൈവസഭയുടെ ഉപദേശ സത്യങ്ങൾ ത്രൈമാസങ്ങളിൽ പുറത്തിറക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. www. thegospeltruth.org എന്ന വെബ്സൈറ്റ് മുഖേനയും ഇ- മെയിൽ വഴിയായും ആനുകാലിക ആത്മീയ സന്ദേശങ്ങൾ ലഭ്യമാണ്. ഗോസ്പൽട്രൂത്ത് മിക്കരാജ്യങ്ങളിലും പ്രദേശിക ഭാഷകളിൽ ഇന്ന് ലഭിക്കുന്നുണ്ട്. അനേകരുടെ സ്വമേധാദാനങ്ങൾ മുഖാന്തരമാണിത് സാധിക്കുന്നത്. മുഖപേജിലുള്ള ചിത്രങ്ങൾ അനുവാദപ്രകാരം കൊടുത്തിട്ടുള്ളതുമാകുന്നു.

എന്ന് എഡിറ്റർ,
മൈക്കിൾ ഡബ്ല്യൂ. സ്മിത്ത്

# പത്രാധിപലേഖനം



*“എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവർ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയയ്ക്കാതെ എങ്ങനെ പ്രസംഗിക്കും? നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം”- റോമർ 10: 14-15*

ദൈവത്താൽ വിളിക്കപ്പെടുകയും യേശുക്രിസ്തുവിന്റെ മഹത്തായ സുവിശേഷം വിശ്വസ്തതയോടെ പ്രസംഗിക്കുകയും ചെയ്തവരെ ഞാൻ വളരെയധികം അഭിനന്ദിക്കുന്നു. ദൈവീകമായി ആളുകളെ ശുശ്രൂഷയിലേക്ക് വിളിക്കുന്നതു പരിശുദ്ധാത്മാവാണ്. ഈ ലക്കത്തിലെ വിഷയം ശുശ്രൂഷകന്മാരുടെ അഭിഷേകം എന്നതാകുന്നു. കർത്താവ് അനുവദിക്കുന്നു എങ്കിൽ ഡീക്കന്മാരുടെ അഭിഷേകം അടുത്ത ലക്കത്തിൽ പങ്കുവയ്ക്കാം. നിർഭാഗ്യവശാൽ സഭാധികാരികളുടെ തെറ്റായ കൈകാര്യം ചെയ്യൽ, ധാരണകുറവ്, ദുരുപയോഗം എന്നിവ മുഖാന്തരം അഭിഷേകം എന്ന വാക്ക് ചിലർക്ക് വേദനയും വായിൽ പുളിച്ച രുചിയും നല്കുന്നു. ആളുകൾ മനസ്സിലാക്കുന്നതനുസരിച്ച് സഭയുടെ മനോഹരമായ പ്രവർത്തനത്തിന് അഭിഷേകം കാരണമാകണം എന്നാണ് എന്റെ പ്രാർത്ഥന.

നിയമപരമായ ആവശ്യങ്ങൾക്കു ഒരു കടലാസ് കഷണം സ്വീകരിക്കുന്നതിനെക്കാൾ വളരെ വലുതാണ് ക്രിസ്തുവിന്റെ ശരീരത്തിൽ ഒരു ശുശ്രൂഷകന്റെ ജീവിതത്തെക്കുറിച്ചുള്ള പരിശുദ്ധാത്മാവിന്റെ വിളിയും അഭിഷേകത്തിന്റെ സാക്ഷ്യവും സ്വീകരിക്കുന്നത്. അതിന്റെ മുൻഗണനയും പഠിപ്പിക്കലും ദൈവവചനത്തിൽ ആയതിനാൽ വ്യക്തിപരമായ കടപ്പാടുകൾക്കും അഭിപ്രായങ്ങൾക്കും മുകളിലേക്ക് ഉയരണം. അഭിഷേകം എന്നതു സമർപ്പണത്തിന്റെയും പ്രതിബദ്ധതയുടെയും ഒരു ആത്മീയ പ്രവർത്തനവും മറ്റ് നിയുക്ത ശുശ്രൂഷകന്മാരുടെ കൈകൾ വയ്ക്കുന്നതിലൂടെ പരിശുദ്ധാത്മാവിൽ നിന്ന് പ്രത്യേക അനുഗ്രഹവും പ്രീതിയും ലഭിക്കുന്ന സമയമാണ്.

മറ്റ് ബൈബിൾ പഠിപ്പിക്കലുകളും സമ്പ്രദായങ്ങളും പോലെ, ആത്മീകമായ സന്തുലിതമായ ധാരണ നിലനിർത്തേണ്ടതു പ്രധാനമാണ്. അഭിഷേകം ഒരിക്കലും മറ്റ് മതവിഭാഗങ്ങളിലെപ്പോലെ ഒരു മേധാവിത്വ അടയാളമോ മേൽക്കോയ്മയോ ആയി വികസിക്കരുത്. എല്ലാ ശുശ്രൂഷകന്മാരും തുല്യരാണ്. എല്ലാവരും അവരുടെ ശുശ്രൂഷകളിൽ അഭിഷേകം ചെയ്യപ്പെടണം. വൃദ്ധനും, യുവാക്കളും, നിയോഗിക്കപ്പെട്ടവരും, അല്ലാത്തവരും എല്ലാം. മറുഭാഗത്ത് അഭിഷേകം എന്നത് ദൈവീക അധികാരത്തെ അഭിഷിക്തന്മാർ സൂചിപ്പിക്കുമ്പോൾ അഭിഷേകം പ്രാപിക്കാത്തവർക്ക് അങ്ങനെ കഴിയുകയില്ല. ഒരു അഭിഷിക്തൻ പക്ഷഭേദം കൂടാതെ കർത്താവിനാൽ നിയുക്തമാകുകയും ജനങ്ങളോടുള്ള വിശ്വസ്തതയിൽ നിലനിൽക്കുകയും വേണം.

ബൈബിളിലെ യോഗ്യതകൾക്കനുസൃതമായി ശുശ്രൂഷകനെ അഭിഷേകം ചെയ്യേണ്ടത് അത്യാവശ്യമാണ്. അയോഗ്യരായവരെ അഭിഷേകം ചെയ്യുവാൻ ഒരു ശുശ്രൂഷകനോ സഭയോ ശ്രമിച്ചാൽ ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിൽ കൂടി സത്യത്തിലേക്ക് വരുവാൻ ആഗ്രഹിക്കുന്നവരുടെ ആത്മീക മൂല്യങ്ങൾ നഷ്ടപ്പെടുവാൻ ഇടയാകും. പല രാജ്യങ്ങളിലും ഇതു ഒരു പ്രശ്നമാണ്. രാഷ്ട്രീയമായ നേട്ടങ്ങൾക്കായുള്ള ഒരു ഉപകരണം അല്ല ശുശ്രൂഷകന്മാരുടെ അഭിഷേകം. ശുശ്രൂഷകന്മാരുടെ നിയമനത്തിന്റെ അഭിഷേക ശുശ്രൂഷ നിലനിർത്തുവാൻ ദൈവസഭയെ കർത്താവ് സഹായിക്കുമാറാകട്ടെ.

ഒരു സൈഡ് നോട്ട് എന്ന നിലയിൽ പുതിയ നിയമത്തിൽ അഭിഷേകം എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്ന ചില തിരുവെഴുത്തുകൾ ഉണ്ട് (അപ്പൊ. പ്രവർത്തികൾ 1:22;1 തിമൊഥെയോസ് 2:7; അപ്പൊ.പ്രവർത്തികൾ 14:23 കാണുക). അവ മറ്റ് തിരുവെഴുത്തുകളുടെ ഔപചാരികത അഭിഷേകത്തെ സംബന്ധിച്ച് പരാമർശിക്കുന്നില്ല. അഭിഷേകത്തെ സംബന്ധിക്കുന്ന ഔപചാരികമായ തിരുവചനം ഞാൻ നേരത്തെ സൂചിപ്പിച്ചുവല്ലോ. നാം ഓരോരുത്തരും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും പ്രസാദിപ്പിക്കുന്നതിനുമായി ജീവിക്കുന്നു. ബ്രദർ ഓസ്റ്റീസ് വിൽസൺ, പറയുന്നതു “നാം ദൈവത്തെ പ്രസാദിപ്പിക്കുകയാണെങ്കിൽ നാം പ്രസാദിപ്പിക്കുവാൻ അർഹരായ എല്ലാവരെയും പ്രസാദിപ്പിക്കാം” എന്നാണ്.

മൈക്കിൾ ഡബ്ല്യു സ്മിത്ത്

**ഇന്റർനെറ്റിൽ കൂടുതൽ വായിക്കാം.**

www.thegospeltruth.org

## വെല്ലുവിളി

*[ബ്രദർ ഓസ്റ്റീസ് വിൽസൺ, അപ്പൊ. പ്രവർത്തികൾ 13: 1-4ൽ ബർന്നബാസിനെയും ശൗലിനെയും വേലയ്ക്കായി വേർതിരിച്ചതുമായി ബന്ധപ്പെട്ട് പരാമർശിക്കുന്നതു:]*

“ഇതു അവർക്കു ഒരു പവിത്ര കല്പന ആയിരുന്നു. പരിശുദ്ധാത്മാവ് അവരോട് സംസാരിക്കുന്നതിനു മുൻപ് അവർ പ്രാർത്ഥിച്ചും ഉപവസിച്ചും പോന്നു. പരിശുദ്ധാത്മാവ് സംസാരിച്ചതിനുശേഷവും തെറ്റിദ്ധരിക്കുവാൻ ഇടയാകാത്തവർ ആകുവാൻ അവർ ആഗ്രഹിച്ചു. സഹോദരന്മാരെ നമുക്ക് ഈ വിഷയത്തിൽ വേണ്ടത്ര അംഗീകരിക്കപ്പെടുവാനും അഭിഷേക ശുശ്രൂഷ നാം സാധാരണ ചെയ്തുപോരുന്നതിനെക്കാൾ കൂടുതൽ ഗൗരവമായും ആഴമായും ഉത്തരവാദിത്വത്തോടും കൂടെ ചെയ്യുവാനും സാധിക്കുമോ. എനിക്ക് അതു ചെയ്യുവാൻ സാധിക്കുമെന്ന് തോന്നുന്നു.”

# അഭിഷേകത്തിന്റെ

## ഉദ്ദേശ്യവും മൂല്യവും



**ദൈസഭയിലെ ശുശ്രൂഷകന്മാരുടെ അഭിഷേകത്തിനു ഒന്നിലധികം പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങൾ ഉണ്ട്. അത് അതിനനുസരിച്ച് വിലമതിക്കപ്പെടണം, വ്യക്തിപരമായ അജണ്ടകൾ, തത്വചിന്തകൾ അല്ലെങ്കിൽ മുൻവിധികൾ എന്നിവ കാരണം ഒരിക്കലും തുരങ്കം വയ്ക്കരുത്.**

**അഭിഷേക ശുശ്രൂഷ മറ്റുള്ളവരുടെ ഇടയിൽ ഒരുവന്റെ ശുശ്രൂഷയെ സാധൂകരിക്കുന്നതിനുള്ള ഒരു വഴി ആണ്.**

### ആത്മീകമായ ചിലതിന്റെ സ്ഥിരീകരണം

തിരുവചനത്തിന്റെ പഠിപ്പിക്കൽ അനുസരിച്ച് ആത്മീകമായ ചിലതിന്റെ സ്വീകരണം, തിരുവചനപ്രകാരം കൈമാറുക എന്നതാണ് ശുശ്രൂഷകന്മാരുടെ അഭിഷേകത്തിന്റെ പ്രവർത്തിയിൽ അടങ്ങിയിരിക്കുന്നത്. പൗലൊസ് അഭിഷേകത്തെക്കുറിച്ച് തിമൊഥെയോസിനോട് നിർദ്ദേശിച്ചപ്പോൾ "മൂപ്പന്മാരുടെ കൈവയ്പ്പോടുകൂടെ പ്രവചനത്താൽ നിനക്കു ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കരുത് എന്നു പറഞ്ഞിരിക്കുന്നു (1 തിമൊഥെയോസ് 4:14). ഈ വാക്യത്തിന്റെ പഠനം അഭിഷേകത്തെക്കുറിച്ചുള്ള ധാരാളം സത്യങ്ങൾ അറിയിക്കുന്നു.

***നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കരുത്*** ഇവിടെ "കൃപാവരം" എന്ന പദം ദൈവീകമായ ഔദാര്യദാനം, ആത്മീകദാനം മതപരമായ പ്രത്യേക പ്രീതി എന്നിവയെ പ്രതിനിധാനം ചെയ്യുന്ന 'കരിസ്മ' എന്ന ഗ്രീക്കു പദത്തിൽ നിന്നാണ്. തിമൊഥെയോസിന്റെ ശുശ്രൂഷയുടെ ആകെ തുക അവന്റെ വിളി, യോഗ്യതകൾ, അവൻ പ്രതിനിധാനം ചെയ്യുന്ന കാര്യാലയത്തിലെ ഉത്തരവാദിത്വം, ദൈവത്തിന്റെ ദാനം, കൂടാതെ ദൈവത്തിൽ നിന്നുള്ള അവന്റെ ശുശ്രൂഷയുടെ അഭിഷേകം തന്നെയും അവഗണിക്കരുത് എന്ന അർത്ഥമാണ് ഇവിടെയുള്ളത്. ഈ കൃപാവരത്തെക്കുറിച്ച് പൗലൊസ് വീണ്ടും "അതുകൊണ്ട് എന്റെ കൈവയ്പിനാൽ നിന്നിലുള്ള കൃപാവരം ജ്വലിപ്പിക്കണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു" എന്നു പറയുന്നു. (2 തിമൊഥെയോസ് 1:6). ഒരു പിതാവ് മകനോട് എന്നതുപോലെയാണ് പൗലൊസ് വ്യക്തിപരമായി തിമൊഥെയോസിനോട് പറയുന്നത്. "നിന്നിൽ ഏല്പിച്ചിരിക്കുന്ന കൃപാവരത്തിലും ചുമതലയിലും വിശ്വസ്തത പുലർത്തുവാൻ പ്രതിജ്ഞാബദ്ധമായിരിക്കുക." തിമൊഥെയോസിന്റെ വിളിയും ശുശ്രൂഷയും യോഗ്യതകളും എല്ലാം ദൈവത്തിന്റെ ദാനം ആയിരുന്നു. അവന്റെ യോഗ്യതകൾ തിരിച്ചറിഞ്ഞ സഹോദരന്മാർ അവനിലുള്ള കൃപാദാനത്തെ അംഗീകരിക്കുകയും കൈകൾവച്ച് സ്ഥിരീകരിക്കുകയും ചെയ്തു. അതിനാൽ തിമൊഥെയോസിനു ലഭിച്ച കൃപാവരങ്ങളുടെ ഒരു ഭാഗമായിരുന്നു കൈവയ്പിനാൽ ലഭിച്ച അഭിഷേകം.

***കൈവയ്ക്കുന്നു.*** പൗലൊസും മറ്റ് സഭാമൂപ്പന്മാരും പരിശുദ്ധാത്മാവ് നല്കിയ ശുശ്രൂഷ എന്ന ദാനം കൈകൾവച്ച് പ്രകടമാക്കി. ഉല്പത്തി 48:14ൽ എഫ്രായീമിന്റെയും മനശ്ശെയുടെയും തലയിൽ യിസ്രായേൽ കൈവച്ച് അനുഗ്രഹിച്ചു. സംഖ്യാപുസ്തകം 27:18-20ൽ പുരോഹിതന്റെയും സർവ്വസഭയുടെയും മുമ്പാകെ യോശുവായുടെ മേൽ കൈവയ്ക്കുവാൻ യഹോവ മോശെയോട് കല്പിച്ചു. യിസ്രായേൽ മക്കൾ അനുസരണമുള്ളവരായി മോശെക്കു നല്കിയ എല്ലാ ബഹുമാനവും ശുശ്രൂഷയും ഉത്തരവാദിത്വവും യോശുവായുടെ മേൽ കൈവച്ച് നല്കണമായിരുന്നു. ആവർത്തനം 34:9ൽ ആ മൂല്യം തിരിച്ചറിഞ്ഞ 'നൂന്റെ മകനായ യോശുവ, മോശെ കൈവച്ച് അനുഗ്രഹിച്ചതുകൊണ്ട് ജ്ഞാനപൂർണ്ണനായി തീർന്നു; യഹോവ മോശെയോട് കല്പിച്ചതുപോലെ യിസ്രായേൽ മക്കൾ അവനെ അനുസരിച്ചു.' ആദിമസഭയിൽ ഏറിയ സന്ദർഭങ്ങളിലും കൈകൾവച്ച് പ്രാർത്ഥിച്ചപ്പോൾ പരിശുദ്ധാത്മാവ് നല്കപ്പെട്ടു എന്നതു ശ്രദ്ധേയമാണ്. പരിശുദ്ധാത്മാവ് ദൈവത്തിന്റെ ദാനം ആണ്, എന്നാൽ ഐകകണ്ഠേനയുള്ള പ്രാർത്ഥന അനുഗ്രഹവും ശക്തിയും പകർന്നു നല്കുന്നു. ദൈവാനുഗ്രഹവും ദൈവശക്തിയും കൈവയ്ക്കുന്നതിന്റെ ഭാഗമായി നല്കപ്പെടുന്നു. ശുശ്രൂഷയ്ക്കായി ഒരാളെ അഭിഷേകം ചെയ്യുമ്പോൾ ഇതിനു സമാനമായി തീരുന്നു.

***മൂപ്പന്മാരാൽ:*** ലൂക്കൊസ് 22:66ൽ മൂപ്പന്മാർ എന്ന പദം പ്രസ്ബിറ്ററി എന്ന വാക്കിന്റെ വിവർത്തനമാണ്. അപ്പൊ.പ്രവ. 22:5ൽ ശുശ്രൂഷയ്ക്കായി അഭിഷേകം നല്കുവാൻ ഒരാൾ മാത്രമല്ല മൂപ്പന്മാരുടെ ഒരു സംഘമാണ്.

### ആത്മീക വിളിയുടെ പൊതുഅംഗീകാരം

അഭിഷേക ശുശ്രൂഷ മറ്റുള്ളവരുടെ ഇടയിൽ ഒരുവന്റെ ശുശ്രൂഷയെ സാധൂകരിക്കുന്നതിനുള്ള ഒരു വഴി ആണ്. ഇതു ഒരു ശരീരം എന്ന നിലയിൽ ശുശ്രൂഷയിലൂടെ ആളുകളുടെ വിശ്വസ്തത സ്ഥാപിക്കുവാൻ സഹായിക്കുന്ന ഒരു മാർഗ്ഗവും അഭിഷിക്തന്റെ ജീവിതത്തിൽ ദൈവം ചെയ്ത കാര്യങ്ങളുടെ അഭിനന്ദനവുമാണ്. അഭിഷിക്തനായ ഒരു ശുശ്രൂഷകൻ ജനങ്ങളെയും അവരുടെ പ്രശ്നങ്ങളെയും കൈകാര്യം ചെയ്യുമ്പോൾ പിന്തുണ ഉണ്ടായിരിക്കണം. അഭിഷിക്തൻ തന്നെക്കാൾ വളരെ വലുതായ ഒന്നിനെ - ക്രിസ്തുവിന്റെ ശരീരത്തെ പ്രതിനിധീകരിക്കുന്നു എന്ന് ആളുകൾ മനസ്സിലാക്കുകയും അറിയുകയും ചെയ്യേണ്ടത് പ്രധാനമാണ്. അഭിഷേക ശുശ്രൂഷ വളരെ ശ്രദ്ധയോടെ ചെയ്യേണ്ടതിന്റെ ഒരു കാരണം ഇതാണ്. ബ്രദർ ഓസ്റ്റീസ് വിൽസൺ, ഈ വിഷയത്തെക്കുറിച്ച് ഇങ്ങനെ എഴുതി: "അവൻ പ്രവർത്തിക്കുവാൻ പോകുന്നവരുടെ ഇടയിൽ നിന്ന് കൂടെ പ്രവർത്തിക്കുന്ന ശുശ്രൂഷകന്മാരിൽ നിന്ന് ഒരു അംഗീകാരത്തിന്റെ അടയാളവും വലിയ പിന്തുണയും ലഭിക്കുമെന്ന് എനിക്കുറപ്പുണ്ട്.

എന്നാൽ അഭിഷേകം കൈകൾ വയ്ക്കുന്നതിനെക്കാൾ ആഴത്തിലുള്ളതും പരിശുദ്ധാത്മാവ് നിറഞ്ഞ മനുഷ്യന് കൈകൾ വയ്ക്കപ്പെടുന്നവന് എന്തെങ്കിലും പങ്കുവയ്ക്കുവാനും കാണും. പരിശുദ്ധാത്മാവ് നിറവ് പ്രാപിച്ചവർ കൈകൾ വയ്ക്കുമ്പോൾ ചിലതു പങ്കുവയ്ക്കു

വാൻ ഉണ്ടായിരിക്കുമെന്നു പൗലൊസും സ്ഥിരീകരി
ച്ചിരിക്കുന്നു. പ്രത്യേകിച്ച് അഭിഷേകം ചെയ്യപ്പെടുന്ന
യാൾ (ചില അനുഗ്രഹങ്ങൾ/ആനുകൂല്യങ്ങൾ/മുദ്ര
പതിപ്പിക്കൽ) പരിശുദ്ധാത്മാവ് പ്രാപിച്ചവരുടെ
കൈവയ്പിനാൽ ദൈവത്തിൽ നിന്നു ലഭിക്കുമെന്നു
വിശ്വസിക്കുകയും, അതു നമ്മുടെ ജനത്തെ പഠിപ്പി
ക്കണമെന്നും ഞാൻ ആഗ്രഹിക്കുന്നു."

## സഭാ ഭരണം

തീത്തോസ് 1:5ൽ നിന്നു മുമ്പ് ഉദ്ധരിച്ച തിരുവെഴുത്ത്
ഇങ്ങനെ വായിക്കുന്നു: "ശേഷിച്ച കാര്യങ്ങളെ ക്രമ
ത്തിൽ ആക്കേണ്ടതിനും ഞാൻ നിന്നോട് ആജ്ഞാ
പിച്ചതുപോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കിവ
യ്ക്കേണ്ടതിനും തന്നെ". തീത്തോസിലെ
തുടർന്നുള്ള വാക്യങ്ങൾ നിയമിക്കപ്പെടേണ്ട മൂപ്പനു
ആവേശമായ യോഗ്യതകൾ നല്കുന്നു. ഇവിടെ അഭി
ഷേകത്തിനു ഉയർന്ന ഒരു പ്രാധാന്യം ഉള്ളതു സഭ
യിൽ അംഗീകൃത നേതൃത്വവും ആത്മീക അധികാ
രവും സ്ഥാപിക്കുന്നു എന്നതാണ്. വിപരീതാത്മാ
ക്കൾ എപ്പോഴും പ്രവർത്തിച്ചുവരുന്നു. എന്നാൽ പരി
ശുദ്ധാത്മാവ് നിറഞ്ഞ ശുശ്രൂഷകന്മാർക്കു പ്രശ്ന
സമയങ്ങളിൽ വ്യക്തതയും നേതൃത്വവും നല്കു
വാൻ കഴിയും. മൂപ്പന്മാരെ ഓരോ സ്ഥലങ്ങളിലും
പരിശുദ്ധാത്മാവ് നിയമിക്കുന്നതു സഭാ പരിപാലന
ത്തിന്റെ ഭാഗമായാണ്. വ്യത്യസ്ത അഭിപ്രായങ്ങൾ
ഉള്ളയിടത്തു നീതിയുടെ വഴിയിൽ അവരെ നടത്തു
വാനും, ഉപദേശിക്കുവാനും കഴിയുന്ന അംഗീകരിക്ക
പ്പെട്ട ഒരു ആത്മീക നേതാവ് ഉണ്ടെന്നറിയുന്നതു
ജനങ്ങൾക്കു സഹായകരമാണ്. പൂർവ്വകാലങ്ങളിലെ
ദൈവസഭാ ശുശ്രൂഷകന്മാരുടെ ചില രചനകൾ പരി
ശോധിക്കാം.

"ആദിമസഭ തീർച്ചയായും അപ്പൊസ്തലന്മാരാൽ ഭരി
ക്കപ്പെട്ടിരുന്നു. എന്നാൽ ഈ ഭരണത്തിനു ഔദ്യോ
ഗികമായി യാതൊന്നും ഇല്ലായിരുന്നു. ആദരണീ
യരും ആഴത്തിൽ വിശ്വസിക്കുന്നുവരുമായ നേതാക്ക
ന്മാരുടെ ധാർമ്മിക സ്വാധീനമാണ് ഉണ്ടായിരുന്നതു.
ഇങ്ങനെ തന്നെ ആയിരിക്കണം. എല്ലാക്കാലത്തെയും
സഭയിൽ. ആത്മീക മനുഷ്യർ ബഹുമതിയുടെ അടി
സ്ഥാനത്തിൽ പ്രവർത്തിക്കുന്നില്ലെങ്കിൽ സഭയുടെ
ഭരണക്രമം അവതാളത്തിലാകും. (ദി അപ്പൊസ്ത
ലിക് ചർച്ച്, ചാൾസ്.ഇബ്രൺ, 1947, P123)
"തീർച്ചയായും ദൈവസഭയ്ക്കു ഒരു ഭരണക്രമം
ഉണ്ട്. അത് പരിശുദ്ധാത്മാവിന്റെ നേതൃത്വത്തിൽ
വളരെ പ്രാപ്തരായ ദൈവദാസന്മാർ, മറ്റ് വരപ്രാപ്ത
രായ ദൈവദാസന്മാരുമായി ഒരുമിച്ചു പ്രവർത്തി
ക്കുന്നു" (ദൈവസഭ ഉപദേശങ്ങൾ, സീസിൽ
കാർവർ 1979, P95)


"ഏതൊരു ശുശ്രൂഷകനും സ്വതന്ത്രമായി
പ്രവർത്തിക്കുവാൻ മറ്റ് ശുശ്രൂഷകന്മാരുടെയും
വിശുദ്ധന്മാരുടെയും അംഗീകാരവും പിന്തു
ണയും തനിക്കുണ്ടെന്നറിയുമ്പോൾ കൂടുതൽ
ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയുമെ
ന്നത് ഉറപ്പാണ്. ഒരു മൂപ്പന്റെയോ, ഓവർസീയ
റുടെയോ നേതൃത്വം വിജയകരമാകുവാൻ
അയാൾ അഭിഷിക്തരായ മറ്റ് ദൈവദാസന്മാ
രാൽ കൈവച്ച് അഭിഷേകം പ്രാപിച്ച് ചുമതല
ഏല്ക്കണം. അയാൾ നന്നായി പ്രസംഗിക്കു
കയും ആട്ടിൻകൂട്ടത്തെ നന്നായി പോറ്റുകയും
ചെയ്താൽ സഭയിൽ ഉണ്ടാകുവാൻ ഇടയുള്ള
പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അധികാര
ത്തോടെ ഇടപെടുവാനും കഴിയുന്നതിനാൽ
തന്റെ ശുശ്രൂഷയിൽ കൂടുതൽ ഫലപ്രദമായും,
ആദരവും, അംഗീകാരവും, പിന്തുണയും ഉണ്ടാ
കുകയും ജനങ്ങളുടെ മുന്നിൽ ആദരണീയനും
ആയിരിക്കും. (ഫെയ്ത്ത് ആന്റ് വിക്ടറി,
ഓസ്റ്റീസ് വിൽസൺ, ഡിസംബർ 1979)

## നിയമപരമായ വശങ്ങൾ

സഭാ കൂട്ടായ്മയുടെ സ്വീകാര്യനായ ഒരു
വ്യക്തിയാണ് ശുശ്രൂഷകൾക്കായി അഭിഷേകം
ചെയ്യപ്പെടുന്നത് എന്ന് നിയമപരവും ഔദ്യോ
ഗികവുമായി അംഗീകരിക്കപ്പെട്ടിരിക്കണം. ഇതു
ചില ഗവൺമെന്റുകൾക്കും സംഘടനകൾക്കും
ശുശ്രൂഷകന്മാരുടെ ഉത്തരവാദിത്വങ്ങൾ ചെയ്യു
വാൻ ആവശ്യമാണ്. (ഉദാ. വിവാഹം, ജയിൽ
സുവിശേഷീകരണം, ഹോസ്പിറ്റൽ മിനിസ്ട്രി
മുതലായവ..

## വ്യക്തിപരമായ സ്വീകാര്യത

അഭിഷേകം ചെയ്യപ്പെട്ടാലും ഇല്ലെങ്കിലും
ശുശ്രൂഷ തനിയെ ഒറ്റയ്ക്ക് ചെയ്യേണ്ട ഒന്നാണ്.
എന്നിരുന്നാലും സഹശുശ്രൂഷകന്മാർ കൂടെ
യുണ്ട് എന്നറിയുമ്പോൾ ലഭിക്കുന്ന ശക്തിയും
ആശ്വാസവും, അയാൾക്കു ജീവിതത്തിൽ
ദൈവത്തിന്റെ അഭിഷേകവും നേതൃത്വവും ലഭി
ക്കുന്നു എന്നതിന്റെ ആശ്വാസവും ഉണ്ട്. ഇത്
ശുശ്രൂഷകനായി അഭിഷേകം ചെയ്യപ്പെടുവാ
നുള്ള ഒരു കാരണമാകുന്നില്ല, എന്നാൽ എല്ലാം
ക്രമത്തിൽ ആണെങ്കിൽ ആന്തരികവും ബാഹ്യ
വുമായ എല്ലാ ചോദ്യങ്ങളും ലഘൂകരിക്കുവാൻ
ഇടയാകും.



**വ്യത്യസ്ത അഭിപ്രായങ്ങൾ ഉള്ളയിടത്തു നീതിയുടെ വഴിയിൽ അവരെ നടത്തുവാനും ഉപദേശിക്കുവാനും കഴിയുന്ന ആത്മീകമായി അംഗീകരിക്കപ്പെട്ട ഒരു നേതാവ് ഉണ്ടെന്നറിയുന്നതു ജനങ്ങൾക്കു സഹായമാണ്,**

### ഒരു ബിഷപ്പിനുള്ള ബൈബിൾ യോഗ്യതകൾ

**1 തിമൊഥെയോസ് 3:1-7**

ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നുവെങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു എന്നുള്ളതു വിശ്വാസ
യോഗ്യം ആകുന്നു.

എന്നാൽ അദ്ധ്യക്ഷൻ അപവാദരഹിതനും ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രീയനും സുശീ
ലനും അതിഥിസൽക്കാരപ്രിയനും ഉപദേശിക്കുവാൻ സമർത്ഥനും ആയിരിക്കണം.

മദ്യപ്രിയനും വഴക്കാളിയും അരുത്. ശാന്തനും കലഹിക്കാത്തവനും ദ്രവ്യാഗ്രഹമില്ലാത്തവനും സ്വന്തകുടും
ബത്തെ നന്നായി ഭരിക്കുന്നവനും മക്കളെ പൂർണ്ണ ഗൗരവത്തോടെ അനുസരണത്തിൽ പാലിക്കുന്നുവനും
ആയിരിക്കണം.

(സ്വന്തകുടുംബത്തെ ഭരിപ്പാൻ അറിയാത്തവൻ ദൈവസഭയെ എങ്ങനെ പരിപാലിക്കും?)

നിഗളിച്ചു പിശാചിനു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിക്കുവാൻ പുതിയ ശിഷ്യനും അരുതു.

നിന്ദയിലും പിശാചിന്റെ കെണിയിലും കുടുങ്ങാതിരിക്കുവാൻ പുറമെയുള്ളവരോടും നല്ല സാക്ഷ്യം പ്രാപി
ച്ചവനും ആയിരിക്കണം.

# ഒരു സ്ഥാനാർത്ഥിയുടെ

## സ്ഥാനാരോഹണത്തിനുള്ള വ്യവസ്ഥകൾ



> **"ശുശ്രൂഷകൻ ക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രതിനിധിയും, വിശുദ്ധിയുടെ മാതൃകയും, ഉപദേശത്തിൽ സാമർത്ഥ്യവും, ആത്മാവിൽ ക്രിസ്തുവിനെപ്പോലെയും ആയിരിക്കണം."**

***യോഗ്യതകൾ :*** അഭിഷേകത്തിനായി സ്ഥാനാർത്ഥി ആകുന്ന ഒരു ശുശ്രൂഷകന് തന്റെ ശുശ്രൂഷയിൽ ദൈവത്തിന്റെ വിളിയും അഭിഷേകവും വ്യക്തമായി ഉണ്ടായിരിക്കുകയും 1 തിമൊഥെയോസ് 3:1–7ൽ വിവരിച്ചിരിക്കുന്നതുപോലെ ഒരു അദ്ധ്യക്ഷസ്ഥാനത്തിനു തിരുവെഴുത്തിൻ പ്രകാരമുള്ള യോഗ്യതകൾ ഉണ്ടായിരിക്കുകയും വേണം. തിരുവെഴുത്തുപരമായ ഈ യോഗ്യതകൾ ശുശ്രൂഷിക്കുന്ന എല്ലാവരിലും ഉണ്ടായിരിക്കണം, എന്നിരുന്നാലും അഭിഷേകം ചെയ്യപ്പെടുന്നതിനു മുൻപ് അവരുടെ ശുശ്രൂഷാ ജീവിതത്തെ ചോദ്യം ചെയ്യപ്പെടാതെയും ഇരിക്കണം. ശുശ്രൂഷകൻ യേശുക്രിസ്തുവിന്റെ ശരീരത്തിന്റെ പ്രതിനിധിയും വിശുദ്ധിയുടെ മാതൃകയും ഉപദേശത്തിൽ സാമർത്ഥ്യവും, ആത്മാവിൽ ക്രിസ്തുവിനെപ്പോലെയും ആയിരിക്കണം. കർത്താവിന്റെ അഭിഷേകം പൊതുസഭ ബോധ്യപ്പെട്ടതും അവരുടെ അധ്വാനം ശുശ്രൂഷകൾക്ക് ഒരു ബാധ്യതയെക്കാൾ ഫലപ്രദമായ ഒരു മുതൽകൂട്ടായിരിക്കണം. താല്ക്കാലികവും ആത്മീകവുമായ അവരുടെ പ്രവർത്തിയുടെ സമഗ്രത നിന്ദിക്കപ്പെടാത്തതും, ജനങ്ങളുടെ വിശ്വസ്തത ഉള്ളതുമായിരിക്കണം. ഉയർന്ന വിളി ആയിരിക്കുന്നതിനാൽ അഭിഷേകം ഒരിക്കലും മാനുഷിക പൂർണ്ണത നോക്കാതെ തെറ്റുപറ്റാതെ ദൈവപ്രവർത്തികൾക്കായി നോക്കിക്കൊണ്ടിരിക്കണം.

***തടസ്സങ്ങൾ :*** മേല്പറഞ്ഞ യോഗ്യതകൾ കൂടാതെ ഒരു ശുശ്രൂഷകന് അഭിഷേകം നല്കാതെ നിർത്തുവാനുള്ള കാര്യങ്ങളുടെ ഭാഗീകമായ ഒരു പട്ടിക ചുവടെ ചേർത്തിരിക്കുന്നു. ക്രമം കെട്ട കുടുംബജീവിതം, പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന മാതൃക, ജനങ്ങളിൽ നിന്നുള്ള വിശ്വാസകുറവ്, സേവനത്തിൽ അവിശ്വസ്തത, വിവേകശൂന്യത, ക്രിസ്തുവിന്റെ ശരീരവുമായുള്ള യോജിപ്പില്ലായ്മ, വിവേകമില്ലാത്ത പ്രസംഗം, അവതരണം മുതലായവ.

***സമയം :*** ഒരു പുതിയ ശുശ്രൂഷകനു പ്രായവും അറിവും കണക്കിലെടുക്കാതെ, വേഗത്തിൽ നിയമിക്കപ്പെടരുത്, അയാൾക്ക് കർത്താവിന്റെ ശുശ്രൂഷ തെളിയിക്കുവാൻ സമയം നല്കണം. കാരണം ശത്രു സ്ഥാപിച്ചിരിക്കുന്ന ആത്മീക കെണികൾ വളരെ കൂടുതൽ ഉണ്ട്. ബ്രദർ സീസിൽ കാർവർ പ്രസ്താവിച്ചത് "ഒരു ശുശ്രൂഷകൻ തന്റെ യോഗ്യത തെളിയിക്കുന്നതുവരെ അഭിഷേകം ചെയ്യരുത് എന്നു വചനം പഠിപ്പിക്കുന്നു. അഭിഷേകത്തിനു മുമ്പ് ശ്രദ്ധാലു ആയിരിക്കണമെന്ന് ഒരു തുടക്കക്കാരനും ശ്രദ്ധിക്കാറില്ല. മറുവശത്ത് ശുശ്രൂഷകന്റെ അഭിഷേകം വളരെക്കാലം ദീർഘിപ്പിക്കുകയുമരുത് (ചർച്ച് ഓഫ് ഗോഡ് ഉപദേശങ്ങൾ, 1979)

അഭിഷേകം ഗൗരവമേറിയ ഒരു കാര്യമാണ്, അതു ദൈവീകമായ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതുമാണ്. തിമൊഥെയോസ് 5:22ൽ പൗലൊസ് നല്കുന്ന നിർദ്ദേശം 5:22ൽ പൗലൊസ് നല്കുന്ന നിർദ്ദേശം "യാതൊരുവന്റെ മേലും വേഗത്തിൽ കൈവയ്ക്കരുത്. അന്യൻമാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകയുമരുത് .. " എന്നാണ്. ഒരു മൂപ്പൻ അറിഞ്ഞുകൊണ്ട് ഒരു അയോഗ്യനെ അഭിഷേകം ചെയ്താൽ താനും അയാളുടെ അയോഗ്യതയിൽ പങ്കാളിയാകും. പരിശുദ്ധാത്മാവിൽ നിന്ന് ഒരു വ്യക്തതയും സ്ഥിരീകരണവും ഇല്ലെങ്കിൽ ഒരാളെ അഭിഷേകം ചെയ്യുവാനുള്ള സമ്മർദ്ദത്തിനു വഴങ്ങേണ്ടതില്ല. മറ്റെല്ലാ കാര്യങ്ങളും ക്രമത്തിൽ ആകാതെ ഗവൺമെന്റ് ആവശ്യങ്ങൾക്കുവേണ്ടി മാത്രം (വിവാഹം നടത്തുക മുതലായവ) അഭിഷേകം ചെയ്യുന്നതു അതിന്റെ പ്രാധാന്യത്തിനു യോജിച്ചതല്ല.

മറ്റൊരു വിശ്വാസ സമ്പ്രദായത്തിൽ നിന്നോ, പള്ളിയിൽ നിന്നോ ഒരു ശുശ്രൂഷകൻ വരുമ്പോഴും ഈ ജാഗ്രത ബാധകമാകണം. ദൈവത്തിന്റെ അഭിഷേകവും സത്യത്തിന്റെ പൊതുവായ സ്വീകാര്യതയും ഉണ്ടെന്നു തോന്നിയാലും ഒരു ശുശ്രൂഷ തെളിയിക്കുവാൻ സമയം സഹായിക്കും. 1 തെസ്സലോനിക്യർ 5:12 ൽ വായിക്കുന്നത് "സഹോദന്മാരെ നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കുകയും കർത്താവിൽ നിങ്ങളെ ഭരിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്നവരെ അറിഞ്ഞ്, അവരുടെ വേല നിമിത്തം ഏറ്റവും സ്നേഹിക്കണം എന്നു നിങ്ങളോട് അപേക്ഷിക്കുന്നു" എന്നാണ്. ഒരാളുടെ ഉപദേശവും ജീവിതരീതിയും അറിയുവാൻ സമയം എടുക്കും. അതിനാൽ ദൈവസഭയിൽ അംഗീകാരം തേടിവരുന്ന ഒരു ശുശ്രൂഷകനെ വേഗത്തിൽ അഭിഷേകം ചെയ്യുന്നതു ബുദ്ധിശൂന്യമാണ്.

***പരിഗണനയ്ക്ക്:*** അഭിഷേകം ചെയ്യപ്പെടുന്നതിന് മുൻപ് ആരെങ്കിലും ഒരു പ്രത്യേക സമയം ശുശ്രൂഷിക്കണം എന്ന് തിരുവെഴുത്ത് നിശ്ചയിച്ചിട്ടില്ല, അതിനാൽ ശുശ്രൂഷകൾ തമ്മിൽ വ്യത്യാസം ഉണ്ടായിരിക്കും. ചർച്ച് ഓഫ് ഗോഡിലെ മുതിർന്ന മൂപ്പനായ ബ്രദർ എഡ്‌വിൽസൺ ആ വിഷയത്തെക്കുറിച്ച് ഒരു ഉൾക്കാഴ്ച പങ്കുവയ്ക്കുന്നുണ്ട്. അഞ്ചോ ഏഴോ വർഷം ആരെങ്കിലും സ്ഥിരം പ്രസംഗപീഠത്തിൽ സജീവമാണെങ്കിൽ മിക്ക കേസുകളിലും അഭിഷേക വിഷയം ചർച്ച ചെയ്യുവാനുള്ള സമയം ആയിരിക്കാം. ഇത് ഒന്നുകിൽ നിയമിക്കുവാനുള്ള സമയമോ അല്ലെങ്കിൽ എന്തുകൊണ്ട് കഴിയില്ല എന്നു പറയുന്നതിനുള്ള സമയമോ ആയിരിക്കാം. അതിനാൽ ആരെങ്കിലും വർഷങ്ങളോളം ശുശ്രൂഷ ചെയ്തിട്ടും അഭിഷേകം ചെയ്യപ്പെടാതിരുന്നാൽ തടസ്സം ഉണ്ടോ എന്ന് ആരായാൻ കൂടിയാകാം.

ഒരു ശുശ്രൂഷകന്റെ ജീവിതത്തിൽ കറയുണ്ടെങ്കിൽ, പ്രാർത്ഥിക്കുകയും ദൈവത്തെ അന്വേഷിക്കുകയും അദ്ധ്വാനിക്കുകയും വേണം. ആ ആത്മവിശ്വാസം നേടുന്നതിന് അദ്ദേഹം ശുശ്രൂഷയിൽ ചേർന്നു പ്രവർത്തിക്കുകയും തടസ്സമാകുന്ന കാര്യങ്ങൾ വാക്കിനാലും പ്രവർത്തിയാലും പരിഗണിക്കുവാനും തയ്യാറാകുകയും വേണം. ശുശ്രൂഷയിൽ നിന്നു പിൻമാറുന്നതു ആളുകൾക്ക് ബുദ്ധിമുട്ടുള്ള കാര്യമാണ്, എന്നാൽ അഭിഷേകവും ദൈവവിളിയും ഇല്ലെങ്കിൽ, മറ്റ് അഭിഷിക്തന്മാർ തിരിച്ചറിയുന്നില്ലെങ്കിലോ അവരുടെ പ്രയോജനത്തിനും, ജനങ്ങൾക്കും, സുവിശേഷത്തിനുമായി ശുശ്രൂഷ നിർത്തിവയ്ക്കേണ്ട സമയം ഉണ്ട്. അഭിഷേകം ഒരിക്കലും പൊരുതി നേടുവാനോ വിജയത്തിന്റെ അളവുകോലോ അല്ല. ഒരു ശുശ്രൂഷകൻ അഭിഷേകത്തിനായി സമ്മർദ്ദം ചെലുത്തരുത് കാരണം "മനുഷ്യൻ വെക്കുന്ന കാഴ്ചയാൽ അവനു പ്രയോജനം കിട്ടും.." (സദൃശ്യവാക്യങ്ങൾ 18:16)

# അഭിഷേക പ്രക്രിയയുടെ
# നടപടിക്രമവും പ്രായോഗികതയും

അഭിഷേക പ്രക്രിയ്ക്കായി തിരുവെഴുത്ത് ഒരു രൂപരേഖ നല്കുന്നില്ല. അതു യോഗ്യത നല്കുകയും മറ്റ് കാര്യങ്ങൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവരുടെ കൈകളിൽ ഏല്പിക്കുകയും ചെയ്യുന്നു. ചുവടെ പങ്കുവച്ചിരിക്കുന്ന നടപടിക്രമം ഓരോ ശുശ്രൂഷകന്റെയും ചുമതലയിൽ ഉള്ളവ അല്ല, പകരം അഭിഷേക പ്രക്രിയയുടെ ബുദ്ധിയുപദേശത്തിനുള്ളതാണ്. പൗലൊസ് അപ്പൊസ്തലൻ പറയുന്നതുപോലെ, ഞാൻ ഇത് എഴുതുന്നതു അപേക്ഷ ആയിട്ടാണ്, കല്പനയായിട്ടല്ല.

***ഉത്തരവാദിത്വം:*** ഒരു ശുശ്രൂഷകനെ അഭിഷേകം ചെയ്ത് നിയമിക്കുവാനുള്ള ഉത്തരവാദിത്വം അയാളുടെ ജീവിതത്തെക്കുറിച്ച് നന്നായി അറിയാവുന്ന പാസ്റ്ററിനും ആത്മീക ഉപദേഷ്ടാക്കൾക്കുമാണ്. ഒരു ശുശ്രൂഷകനെ നിയമിക്കുന്നതിന് നേതൃത്വം നല്കുന്നവർ ആ ശുശ്രൂഷകനോടൊത്തു പ്രവർത്തിച്ച ഏതാനും മൂപ്പന്മാരുമായി കൂടി ആലോചിക്കുകയും അഭിഷേകത്തിനു യോഗ്യമായ ഉത്സാഹവും അല്ലെങ്കിൽ പിന്തുണ ഉണ്ടോ എന്ന് പരിശോധിക്കണം. ഭൂമിശാസ്ത്രപരമായ പരിമിതികളാൽ ആരും അഭിഷേകത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാതെ വരുന്ന അവസരങ്ങളിൽ അഭിഷേകം ചെയ്യപ്പെടാത്ത ഒരു ശുശ്രൂഷകന് അത് ഒരു മോശം പ്രതിഫലനമായി വ്യഖ്യാനിക്കരുത്.

ആത്മീയ സംതൃപ്തി കുറവുള്ള ഒരു വ്യക്തിയെ ശുശ്രൂഷകൾക്കു നിയമിക്കുവാൻ മൂപ്പന്മാർ ഒരിക്കലും നിർബന്ധിക്കേണ്ടതില്ല. പൊതുവായ അസ്വാസ്ഥ്യം ഉണ്ടാകുമ്പോൾ ഒരു പ്രത്യേക പ്രശ്നം കൈകാര്യം ചെയ്യുന്നതു വളരെ എളുപ്പമാണ്. മുൻകാലങ്ങളിലെ പല ശുശ്രൂഷകന്മാരും പ്രശ്നസമയങ്ങളിൽ ജാഗ്രതയുള്ളവരാണെന്ന് കാലം തെളിയിച്ചിട്ടുണ്ട്. അഭിഷേകം ആത്മീക സ്വഭാവം ഉള്ളതും, രാഷ്ട്രീയമായ നേട്ടങ്ങൾക്കു ആകുകയും അരുത്. കൂടാതെ നിയമിക്കുന്ന ശുശ്രൂഷകന്മാർക്ക് അവർ നിയമിക്കുന്നവരെ സംബന്ധിച്ച് നിശബ്ദമായ ചില ഉത്തരവാദിത്വങ്ങളും ഉണ്ട്.


***സൂക്ഷ്മപരിശോധന:*** അഭിഷേകത്തിനുമുൻപ് ഒരു ശുശ്രൂഷകനെ പരിശോധിക്കുന്നത് ബുദ്ധിയാണ്. അഭിഷേകം ചെയ്യുന്ന ശുശ്രൂഷകൻ അഭിഷേകം ചെയ്യപ്പെടാനുള്ള ശുശ്രൂഷകനുമായി ഉപദേശപരമായി നടപ്പാക്കേണ്ട സിദ്ധാന്തങ്ങൾ വ്യക്തമായി സംസാരിച്ചിരിക്കണം. ശുശ്രൂഷകന്റെ കുടുംബത്തിന്റെ ആത്മവിശ്വാസം സ്ഥിരീകരിക്കുവാനും ആത്മീയ സ്ഥിരത ഉറപ്പാക്കുവാനും തുണയോടൊപ്പം വരുന്നതു നല്ലതായിരിക്കും. ചുമതലപ്പെടുത്തുന്ന സഭയുമായി ചുമതലയിലുള്ള ശുശ്രൂഷകന്മാർ ആശയവിനിമയം നടത്തിയിരിക്കണം. ഈ നടപടികൾ സ്വീകരിച്ചാൽ മറഞ്ഞിരിക്കുന്ന പ്രശ്നങ്ങൾ ഉണ്ടെങ്കിൽ വെളിച്ചത്തു കൊണ്ടുവരാൻ സാധിക്കും. തിരുത്തുവാൻ കഴിയാത്ത തെറ്റ് വരുത്തുന്നതിനെക്കാൾ അഭിഷേകം ചെയ്യുന്നതിന് മുൻപ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതാണ് നല്ലത്.

അഭിഷേകം ഒരു രണ്ടുവരി പാതയാണ്. സഭ ശുശ്രൂഷകനെ പിൻതാങ്ങുകയും പിന്തുണയ്ക്കുകയും ചെയ്യുമ്പോൾ അഭിഷേകം ചെയ്യപ്പെടുന്ന ശുശ്രൂഷകൻ ദൈവസഭയാകുന്ന ശരീരത്തെ ആയിരിക്കുന്നതുപോലെ സ്വീകരിക്കുകയും ചെയ്യുന്നു. ഏതെങ്കിലും ഒരു വിഭാഗത്തിൽ നിന്നുള്ള നിയമനത്തിന് ദൈവസഭകളുടെ ഇടയിൽ മൂല്യമോ അംഗീകാരമോ ഇല്ല.

അഭിഷേക പ്രക്രിയ പടർന്നു പിടിക്കേണ്ടതായിട്ട് ഉദ്ദേശിച്ചുള്ളതല്ല, അതു സമഗ്രമായിരിക്കണം. അതിനെ ഒരു വിധിയായി കാണാതെ ആത്മവിശ്വാസമായി കാണണം.. അഭിഷേകത്തിനുള്ള സ്ഥാനാർത്ഥികൾ ഈ പ്രക്രിയയെ ഭയപ്പെടുകയോ എതിർക്കുകയോ ചെയ്യരുത്. ഇതു ദൈവത്തിന്റെയും ക്രിസ്തുവിന്റെ ശരീരത്തിന്റെയും അനുഗ്രഹമാണ്.

***സുതാര്യത:*** ക്രിസ്തുവിന്റെ ശരീരത്തിലെ സഹശുശ്രൂഷകന്മാരുമായി ആശയവിനിമയം നടത്തുന്നതു മര്യാദയാണ്. രണ്ടോ മൂന്നോ മൂപ്പന്മാർക്കു ഒരാളെ അഭിഷേകം ചെയ്യുവാനുള്ള അവകാശം ബൈബിൾ നല്കുന്നുണ്ടെങ്കിലും അഭിഷേകത്തിന്റെ സ്വഭാവം ശുശ്രൂഷയുടെയും സഭയുടെയും ആത്മവിശ്വാസവും പിന്തുണയും സൂചിപ്പിക്കുന്നു. സാധാരണയായി രഹസ്യമോ സ്വകാര്യമോ ആയ അഭിഷേകം അതിന്റെ പ്രാഥമിക ലക്ഷ്യങ്ങളെ പരാജയപ്പെടുത്തുന്നു. അഭിഷേകത്തിന്റെ വിശ്വാസ്യതയ്ക്ക് വഴങ്ങുന്ന രീതിയിൽ അതു നടത്തണം.

***സ്ഥാനം:*** അതു ദൈവജനത്തിന് ഒരു അനുഗ്രഹവും, വിശ്വാസികളുടെ സമൂഹത്തിൽ ഒരു അഭിഷേക ശുശ്രൂഷ നടത്തുവാൻ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു എന്നതിന്റെ സാക്ഷ്യവുമാണ്. കൂടാതെ താൻ അദ്ധ്വാനിക്കുന്നവരുടെ കൂട്ടത്തിൽ നിന്ന് ഒരു ശുശ്രൂഷകനെ നിയമിക്കുന്നത് നല്ലതാണ്. അഭിഷേകം വ്യക്തമായ ഒരു അംഗീകാരവും കൂടാതെ ശുശ്രൂഷകന്റെ ജീവിതത്തിൽ ദൈവം ചെയ്യുന്ന കാര്യങ്ങളുടെ ആഘോഷവുമാണ്.



**അഭിഷേകം ഒരു രണ്ടുവരി പാതയാണ്. സഭ ശുശ്രൂഷകനെ പിൻതാങ്ങുകയും പിന്തുണയ്ക്കുകയും ചെയ്യുമ്പോൾ അഭിഷേകം ചെയ്യപ്പെടുന്ന ശുശ്രൂഷകൻ ദൈവസഭയാകുന്ന ശരീരത്തെ ആയിരിക്കുന്നതു പോലെ സ്വീകരിക്കുകയും ചെയ്യുന്നു.**

ദൈവസഭയുടെ പ്രവർത്തനത്തിന് ഇന്നും പ്രാധാന്യമുള്ള ഒരു ബൈബിൾ ഉപദേശമാണ് അഭിഷേകം. അതു വിലമതിക്കുകയും ബഹുമാനിക്കുകയും വേണം. നിയുക്തരായ മൂപ്പന്മാരെ അവരുടെ പ്രവർത്തികൾ നിമിത്തവും പരിശുദ്ധാത്മാവിലുള്ള അവരുടെ അധികാരത്തിനും വേണ്ടി ബഹുമാനക്കപ്പെടേണ്ടതാണ്.

പൗലൊസ്, 1 തിമൊഥെയോസ് 2:7 ൽ എഴുതി, "തക്കസമയത്ത് അറിയിക്കേണ്ട ഈ സാക്ഷ്യത്തിനായി ഞാൻ പ്രസംഗിയും അപ്പൊസ്തലനുമായി...." ഇവിടെ ഞാൻ പ്രസംഗിയായി എന്ന വാക്ക് (whereunto I am ordained a preacher and an apostle..) ചില വ്യഖ്യാതാക്കൾ മനസ്സിലാക്കുന്നതു സാധാരണ കൈവച്ചുകൊണ്ടുള്ള ഒരു ശുശ്രൂഷയുടെ അംഗീകാരമായിട്ടല്ല മറിച്ച് പൗലൊസിന്റെ ജീവിതത്തിൽ ഉണ്ടായ ദൈവത്തിന്റെ വിളിയെക്കുറിച്ചാകുന്നു എന്നാണ്. സഭയിൽ മനുഷ്യനെ നിയമിക്കുന്നതിന് അതിന്റെതായ സ്ഥാനമുണ്ടെങ്കിലും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിലൂടെ നാം എല്ലാവരും യേശുക്രിസ്തുവിന്റെ നിയമനം നേടുന്നു എന്നതാണ് പ്രധാനം.

Printed matter only
**MALAYALAM EDITION**


**നിങ്ങൾക്ക് അറിയാമോ?**

യഹൂദന്മാരുടെയിടയിൽ " സിനഗോഗുകളിൽ പ്രസിഡന്റിനെ തെരഞ്ഞെടുക്കുമ്പോൾ മൂന്ന് പ്രസ്ബിറ്റേഴ്സ് കരങ്ങൾ വയ്ക്കുവാൻ സന്നിഹിതരായിരിക്കും. അതുകൊണ്ട് ആദിമ സഭാ കാനോൻ ബിഷപ്പുമാരെ തെരഞ്ഞെടുക്കുമ്പോൾ മൂന്നു ബിഷപ്പുമാർ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിക്കുന്നു." (ജെമിസൺ - ഫൗസറ്റ് - ബ്രൗൺ, 1 തിമൊഥെയോസ് 4:14)

**തക്കസമയത്ത് പറഞ്ഞ വാക്ക്**

# ശുശ്രൂഷയുടെ തുല്യത

*"നിങ്ങളോ റബ്ബീ എന്നു പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ ഗുരു: നിങ്ങളോ എല്ലാവരും സഹോദരന്മാർ. ഭൂമിയിൽ ആരെയും പിതാവ് എന്ന് വിളിക്കരുത്: ഒരുത്തൻ അത്രേ നിങ്ങളുടെ പിതാവ് സ്വർഗ്ഗസ്ഥൻ തന്നെ. നിങ്ങൾ നായകന്മാർ എന്നും പേർ എടുക്കരുത്. ഒരുത്തൻ അത്രേ നിങ്ങളുടെ നായകൻ, ക്രിസ്തു തന്നെ. നിങ്ങളിൽ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകണം. തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും. തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയർത്തപ്പെടും."*
*- മത്തായി 23: 8-12.*



വ്യത്യസ്ത വരങ്ങളും, വിളിയും, ഭരണനിർവ്വഹണവും ഉണ്ടെങ്കിലും ശുശ്രൂഷകന്മാർക്കിടയിൽ സമത്വമുണ്ട്. യേശു പറഞ്ഞു, "നിങ്ങൾ എല്ലാവരും സഹോദരന്മാർ". സ്ഥാനങ്ങൾക്കും അധികാര ശ്രേണികൾക്കും എതിരായാണ് അവൻ കൃത്യമായി സംസാരിക്കുന്നത്. അഭിഷേകത്തിന്റെ മൂല്യം തിരിച്ചറിഞ്ഞ്, അതു മുഖാന്തരം ലഭിക്കുന്ന തിരുവചനത്തിന്റെ അധികാരത്തിന് ഇടം നല്കുമ്പോൾ ദൈവസഭയിൽ ശുശ്രൂഷകന്മാർക്കിടയിലുള്ള സമത്വം അതുല്യമാണ്.

യേശു, ശിഷ്യന്മാരെ അടുക്കൽ വിളിച്ച് അവരോട് പറഞ്ഞു "ജാതികളിൽ അധിപതികളായവർ അവരിൽ കർതൃത്വം ചെയ്യുന്നു: അവരിൽ മഹത്തുക്കളായവർ അവരുടെ മേൽ അധികാരം നടത്തുന്നു എന്നു നിങ്ങൾ അറിയുന്നു. നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്: നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ നിങ്ങളുടെ ശുശ്രൂഷക്കാരൻ ആകണം: നിങ്ങളിൽ ഒന്നാമനാകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവർക്കും ദാസൻ ആകണം: മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്യിക്കുവാനല്ല, ശുശ്രൂഷിക്കുവാനും അനേകർക്കുവേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുക്കുവാനുമത്രേ വന്നത് (മർക്കോസ് 10: 42-44). "ചില അപ്പൊസ്തലന്മാരുടെ ശ്രേഷ്ഠമായ വരങ്ങളും യോഗ്യതയും മറ്റുള്ളവരെക്കാൾ കൂടുതൽ പ്രയോജനകരവും അധികം ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുവാനും ഉണ്ടായിരുന്നെങ്കിലും അവർ വിനയത്തോടെ വിശ്വാസത്യാഗം തുടങ്ങുന്നതുവരെയും സമത്വം നിലനിർത്തി." (what the Bible teaches, F.G. Smith 1914, P252) അഭിഷേകത്തിന്റെ പഠിപ്പിക്കലും നടത്തിപ്പും ഒരു കാരണത്താലും അതിന്റെ സത്യത്തെ നിഷേധിച്ച് തങ്ങൾക്കു തന്നെ പ്രശസ്തി നേടുവാൻ ക്രിസ്തുവിന്റെ മനസ്സും മാതൃകയുമുള്ള ആരും അന്വേഷിക്കുകയില്ല (ഫിലിപ്പിയർ 2:5-7)

if Undelivered
Please return to:

***Contact:***
The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

**ബന്ധപ്പെടുക**
പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.

ദൈവ നാമം മഹത്വപ്പെടട്ടെ.

## അഭിഷേകം എത്രകാലം നിലനില്ക്കും?

തിരുവെഴുത്തു അനുസരിച്ച് പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന കാലത്തോളം മാത്രമേ ഒരു ശുശ്രൂഷകന്റെ നിയമനവും ആത്മീക അധികാരവും നിലനില്ക്കയുള്ളു. പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന്റെ കീഴിലുള്ള പ്രവർത്തനവും വ്യക്തമായ ആത്മവിശ്വാസവും നിലനില്ക്കുന്ന കാലത്തോളം മാത്രമേ അഭിഷേകം നിലനില്ക്കുകയുള്ളു.

Chief Editor **Michael W. Smith** | Malayalam Editor: **Mathew Joseph** | Asst. Editor **Baby Mathew** | Publisher: **Biju J. Varghese**